(സി) ഇനി എന്തുതുക ഈയിനത്തിൽ പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4,14,410 ലക്ഷം രൂപ പിരിച്ചെടുക്കാനാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്.

(ബി) 31.1.2000 വരെ 2,74,938.48 ലക്ഷം രൂപ പിരിച്ചെടുത്തു.

(സി) 139471.52 ലക്ഷം രൂപ പിരിച്ചെടുക്കാനുണ്ട്.

3 (313) കേന്ദ്ര വില്പന നികുതി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനനികുതി ഏകീകരണം നടപ്പിൽ വന്നതിനുശേഷവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന സാധനങ്ങൾക്ക് കേന്ദ്ര വില്പനനികുതി ഇടാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സാധനങ്ങൾക്ക്;

(സി) ഏകീകൃത വില്പനനികുതി നിലവിൽ വന്നതോടെ കേന്ദ്രവില്പന നികുതി ഘട്ടം ഘട്ടമായി ഇല്ലാതാകുമെന്ന വ്യവസ്ഥ എത്രത്തോളം നടപ്പിലാക്കി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ നികുതി ഈടാക്കുന്നത് സാധനങ്ങൾ കൊണ്ടുവരുന്ന സംസ്ഥാനങ്ങളാണ്;

(ബി) കേരള വില്പനനികുതിയിനത്തിൻ കീഴിൽവരുന്ന എല്ലാ സാധനങ്ങൾക്കും കേന്ദ്ര വില്പനനികുതിയും ഈടാക്കുന്നുണ്ട്.

(സി) ഇതേവരെ നടപ്പിലാക്കിയിട്ടില്ല.

4 (314) ഏകീകൃത വില്പനനികുതി ആനുകൂല്യങ്ങൾ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃതവില്പനനികുതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ധനകാര്യമന്ത്രിമാരുടെ സമിതിയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ ഭാഗമായി പുതിയ വ്യവസായസ്ഥാപനങ്ങൾക്കും നിലവിലുള്ളവയുടെ വികസനത്തിനും നൽകുന്നനികുതി ആനുകൂല്യങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് നിലവിലുള്ളതിൽനിന്നും മാറ്റം വരുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്രഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽനിന്നും വ്യത്യസ്തമായ മാനദണ്ഡം ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) വ്യവസായരംഗത്ത് പിന്നോക്കം നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് കൂടുതൽ മുതൽമുടക്കു നടത്തുവാൻ ആകർഷകമായ എന്തെങ്കിലും പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എച്ച്) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(ഐ) സംസ്ഥാന ധനകാര്യമന്ത്രിമാരുടെ സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മറ്റ് സംസ്ഥാനങ്ങൾ പുതിയവ്യവസായങ്ങൾക്ക് നടപ്പാക്കിയ നികുതി ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയാമോ;

(ജെ) എങ്കിൽ അതനുസരിച്ച് നികുതി ആനുകൂല്യങ്ങൾ പുതിയ വ്യവസായങ്ങൾക്കും നിലവിലുള്ളതിന്റെ വികസനത്തിനും വേണ്ടി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പാകം ചെയ്ത ഭക്ഷ്യ വസ്തുക്കൾ, പാൽ, പട്ടുവസ്ത്രങ്ങൾ, തുടങ്ങിയ ഏതാനും ഇനങ്ങൾക്ക് സംസ്ഥാനത്ത് നികുതി ചുമത്തിയിട്ടില്ല. ഇതിനും പുറമേ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ നികുതി നിരക്കുകൾ താരതമ്യപ്പെടുത്തി ചില കാർഷിക വിഭവങ്ങളുടെയും മറ്റും നികുതി നിരക്കുകളിൽ കുറവുവരുത്തിയിട്ടുണ്ട്. റൊട്ടി, ബൺ, ഉപ്പ്, കാർഷികോപകരണങ്ങൾ ഇവയുടെ നികുതി പൂർണ്ണമായും എടുത്തുമാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) പുതിയ നിയമത്തിൽ 1.1.2000 നുശേഷം തുടങ്ങുന്ന വ്യവസായങ്ങൾക്ക് നികുതിയിളവുകൾ അനുവദിക്കുന്നില്ല. എന്നാൽ വ്യവസായം തുടങ്ങാൻ ഉള്ള പ്രവർത്തനങ്ങൾ 1.1.2000 നു മുൻപ് തുടങ്ങിക്കഴിഞ്ഞ യൂണിറ്റുകൾക്ക് മുമ്പ് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ തുടർന്നും നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 1.1.2000 നുശേഷം പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ തീരുമാനിച്ച പ്രകാരം നികുതിയിളവുകൾ ലഭിക്കുന്നതല്ല.

(ഇ)&(എഫ്) ഇല്ല.

(ജി)&(എച്ച്) വ്യവസായരംഗത്ത് നികുതിമേഖലയിൽ ഇളവുകളും ആനുകൂല്യങ്ങളും 1.1.2000 മുതൽ അനുവദിക്കേണ്ടതില്ല എന്ന് മുഖ്യമന്ത്രിമാരുമടക്കം സംസ്ഥാന ധനമന്ത്രിമാരുടെയും സമ്മേളനം തീരുമാനിക്കുകയുണ്ടായി. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിനുമാത്രമായി പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ)&(ജെ) എല്ലാ സംസ്ഥാനങ്ങളും മുഖ്യമന്ത്രിമാരുടെയും സംസ്ഥാന മന്ത്രിമാരുടേയും സമ്മേളനത്തിലെടുത്ത തീരുമാനം നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരാണ്. അതനുസരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിനീയമല്ല.

5 (315) വിലപ്നനികുതി ഏകീകരണം വഴി സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനനികുതി ഏകീകരണം വഴി സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുവഴി എത്രകോടി രൂപയുടെ അധിക വരുമാനം നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു;

(സി) നികുതി ഏകീകരണം മൂലം സംസ്ഥാന ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ടോ;

(ഡി) ഏതെല്ലാം സാധനങ്ങൾക്ക് എത്ര വീതം ശതമാനം നികുതി പ്രസ്തുത തീരുമാനം മൂലം കൂടുകയും കുറയുകയും ചെയ്യും എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നേട്ടങ്ങളെക്കുറിച്ച് വിലയിരുത്താൻ സമയമായിട്ടില്ല.

(ബി)&(സി)) തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

6 (316) പൊതുമേഖലാ ബാങ്കുകളിൽ നിന്നും ലഭിച്ച വായ്പകൾ

ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ 1995-96, 1996-97, 1997-98, 1998-99 എന്നീ ഓരോ വർഷവും 1999-2000 ൽ ഇതുവരെയും എന്തു തുക സംസ്ഥാനത്തിനുള്ളിൽ വായ്പ നൽകിയിട്ടുണ്ട്;

(ബി) സ്വയം തൊഴിൽ കണ്ടെത്തൽ, കൃഷി, വാണിജ്യം, വ്യവസായം എന്നീ മേഖലകളിലും പി.എം.ആർ.വൈ, ജെ.ആർ.വൈ എന്നീ പദ്ധതിപ്രകാരവും മുകളിൽ പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ എന്തു തുകവീതം വായ്പ നൽകിയിട്ടുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly